ഉത്തരം

(എ) 1997-ൽ 37 തസ്തികകൾകൂടി സൃഷ്ടിച്ചുകൊണ്ട് വകുപ്പിനെ 3 മേഖലകളായി തിരിച്ച് 3 ഡെപ്യൂട്ടി കൺട്രോളർമാരുടെ കീഴിൽ പ്രവർത്തനം നടത്തിവരുന്നു. മിന്നൽ പരിശോധനയ്ക്കായി ഓരോ ഡെപ്യൂട്ടി കൺട്രോളർമാരുടെകീഴിലും ഓരോ ഫ്ളയിംഗ് സ്കാഡും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഇപ്പോൾ 2 ഫ്ളയിംഗ് സ്കാഡുകൾകൂടി അനുവദിച്ചിട്ടുണ്ട്. അളവുതൂക്ക വെരിഫിക്കേഷൻ സുതാര്യവും എളുപ്പവുമാക്കുന്നതിനുവേണ്ടി എല്ലാ നിർവഹണ ഉദ്യോഗസ്ഥൻമാർക്കും ഇലക്ട്രോണിക് ബാലൻസുകൾ നൽകിക്കഴിഞ്ഞു. ടാങ്കർ ലോറി കാലിബ്രേഷൻ കുറ്റമറ്റതാക്കുന്നതിനായി എറണാകുളത്ത് ഒരു ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റ് സ്ഥാപിച്ചു. ആയത് വളരെ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഡിപ്പാർട്ടുമെന്റിലെ നിർവഹണ ഉദ്യോഗസ്ഥൻമാർക്ക് ട്രെയിനിംഗ് നൽകുന്നതിനായി കാക്കനാട് ലീഗൽ മെട്രോളജി ഭവനിൽ ഒരു ട്രെയിനിംഗ് സെന്റർ സ്ഥാപിച്ചു. അവിടെയിപ്പോൾ ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകിവരുന്നു.

(ബി) ഈ സാമ്പത്തികവർഷം ജനുവരി മാസം വരെ 13526 കേസെടുക്കുകയും 84,00,000/- രൂപ പിഴയിനത്തിൽ വസൂലാക്കുകയും ചെയ്തിട്ടുണ്ട്. രാജിയാക്കാത്ത 67 കേസുകൾ വിവിധ കോടതികളിലായി ഫയൽ ചെയ്തിട്ടുണ്ട്.

(സി)&(ഡി) ആധുനിക ഇലക്ട്രോണിക് വെയിംഗ് മെഷീൻ മാത്രം കച്ചവട സ്ഥാപനങ്ങളിൽ ഉപയോഗിക്കണമെന്ന് നിയമമില്ല. മെക്കാനിക്കൽ മെഷീനുകളും ഉപയോഗിക്കാവുന്നതാണ്. ആധുനിക ഇലക്ട്രോണിക് വെയിംഗ് മെഷീനുകൾ സാർവത്രികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

97 (677) വികാസപർവ്വം രണ്ടായിരം

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "വികാസപർവ്വം രണ്ടായിരം" എന്ന കേന്ദ്ര ഗവൺമെന്റിന്റെ പുതിയ പദ്ധതിയെപ്പറ്റി സംസ്ഥാന ഗവൺമെന്റിന് അറിവുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ബി) ഗ്രാമവികസത്തിനായി ഏതൊക്കെ പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്, വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) അറിവില്ല.

(ബി) സംയോജിത ഗ്രാമവികസന പരിപാടി, ഗാമീണ യുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം, ഗ്രാമീണവനിതാശിശു വികസന പരിപാടി, ദശലക്ഷം കിണർപദ്ധതി എന്നിവർ സംയോജിപ്പിച്ച് **സ്വർണ്ണ ജയന്തി ഗ്രാമറോസ്ഗാർ യോജന**, ജവഹർ തൊഴിൽദാന പദ്ധതിയെ പുനർനാമകരണം ചെയ്ത് **ജവഹർഗ്രാമ സമൃദ്ധിയോജന** ഭവനനിർമ്മാണത്തിനുള്ള വായ്പ സബ്സിഡി സ്കീം എന്നീ പുതിയ പദ്ധതികൾ ഈ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly